**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **02-02-2024 - ൽ മറുപടിയ്ക്ക്**

**ക്യാൻസൽ ചെയ്യുന്ന ഓൺലൈൻ ടിക്കറ്റുകളുടെ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസുകളിൽ ഓൺലൈൻ ടിക്കറ്റുകൾ എടുത്തതിനുശേഷം ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാരന് തുക തിരിച്ചു നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ റിസർവേഷൻ ക്യാൻസൽ ചെയ്യുന്ന പക്ഷം ലഭിക്കുന്ന ടിക്കറ്റ് നിരക്ക് ചുവടെ ചേർക്കുന്നു. |

| Cancellation Fee | Duration |
|---|---|
| No Cancellation Fee | Before 72 Hrs |
| 10% of the basic fare | Between 72 hrs and 48 hrs before the departure time. |
| 25% of the basic fare | Between 48 hrs and 24 hrs before the departure time. |
| 40% of the basic fare | Between 24 hrs and 12 hrs before the departure time. |
| 50% of the basic fare | Between 12 hrs and 2 hrs before the departure time. |
| No refund | Less than two hrs before the departure time and at/after the departure time. |

കെ.എസ്.ആർ.ടി.സി.യുടെ കൗണ്ടറുകളിൽ നിന്നും ബുക്ക് ചെയ്ത ടിക്കറ്റുകൾ കൗണ്ടറിൽ തന്നെ നൽകി ക്യാൻസൽ ചെയ്യാൻ സാധിക്കുന്നതാണ്. കൗണ്ടർ വഴി എടുത്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുന്ന പക്ഷം യാത്രക്കാർക്ക് അപ്പോൾ തന്നെ റീഫണ്ട് ക്യാഷ് ആയി നൽകുന്നതാണ്. ഓൺലൈൻ വഴി ടിക്കറ്റെടുത്ത യാത്രക്കാർക്ക് സ്വമേധയ ഓൺലൈൻ വഴി ക്യാൻസൽ ചെയ്യാവുന്നതും റീഫണ്ട് തുക 24 മണിക്കൂർ മുതൽ പരമാവധി മൂന്ന് ബാങ്ക് പ്രവർത്തി ദിവസത്തിനുള്ളിൽ പ്രസ്തുത അക്കൗണ്ടിലേക്ക് റീഫണ്ട് ആകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം ക്യാൻസൽ ചെയ്യുന്ന ടിക്കറ്റുകളുടെ തുക യാത്രക്കാരുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതായി പരാതികൾ ഉയരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി പരിശോധന നടത്തി തുക തിരികെ യാത്രക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. ടിക്കറ്റ് ക്യാൻസൽ ചെയ്യുന്ന പക്ഷം 24 മണിക്കൂർ മുതൽ പരമാവധി മൂന്ന് ദിവസത്തിനുള്ളിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ തുക റീഫണ്ട് ആകുന്നതാണ്. റീഫണ്ട് നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും സാങ്കേതിക തകരാർ കാരണം റീഫണ്ട് വൈകിയിട്ടുണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന Operating Control Centre മുഖാന്തരം പരിഹാരം തേടാവുന്നതാണ്.<br><br>കൂടാതെ പെയ്മെന്റ് ഗേറ്റ് വേയിലൂടെ യാത്രക്കാർക്ക് റീഫണ്ട് ഇനിഷ്യേറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. Acquirer Reference No. & Transaction Reference No. എന്നിവ ഉപയോഗിച്ച് യാത്രക്കാരന് തന്നെ ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട ബാങ്ക് മുഖാന്തരം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ